**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകത - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സമർപ്പിച്ച അപേക്ഷകൾ- കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.09.2014-ലെ O.A.No. 608/2014- മേലുള്ള വിധിന്യായം- നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.242/2015/തസ്വഭവ, തിരുവനന്തപുരം,തീയതി, 28.01.2015**

---

പരാമർശം:- 1. ജി.ഒ.(പി)നം.216/08/തസ്വഭവ, തീയതി 30.07.2008
2. ഗ്രാമവികസന കമ്മീഷണറുടെ 07.02.2014ലെ 16032/എസ്റ്റാ.ബി2/12/സിആർഡി നമ്പർ നടപടിക്രമം
3. ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ സമർപ്പിച്ച അപേക്ഷകൾ.(A7)
4. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04.09.2014-ലെ O.A.No 608/2014- മേലുള്ള ഉത്തരവ്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (2)ലെ ഉത്തരവ് പ്രകാരം ഗ്രേഡ് II വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഈ സീനിയോറിറ്റി ലിസ്റ്റിൽ തങ്ങൾക്ക് അർഹതപ്പെട്ട സീനിയോറിറ്റി നൽകിയിട്ടില്ലെന്നും അത് പരിഹരിച്ച് യഥാർത്ഥ സീനിയോറിറ്റി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ പരാമർശം (3) പ്രകാരം സർക്കാരിൽ നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. അതോടൊപ്പം ടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഈ വിഷയം സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A. 608/2014 കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പരാമർശം (4) ലെ ഉത്തരവ് പ്രകാരം, വിധി പകർപ്പ് ലഭിച്ച് 4 മാസത്തിനകം ടി ഉദ്യോഗസ്ഥരെ നേരിൽ കേട്ട് പരാമർശം (3) പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുവാൻ നിർദ്ദേശിച്ചിരുന്നു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം 19.11.2014-ൽ ബന്ധപ്പെട്ട ഹർജിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. 01.04.2011നും അതിനു ശേഷവും സർവ്വീസിൽ പ്രവേശിച്ച തങ്ങൾ പ്രീസർവ്വീസ് ട്രെയിനിംഗ് ആറുമാസത്തിനുള്ളിൽ വിജയകരമായി പൂർത്തിയാക്കി ആദ്യ ചാൻസിൽ തന്നെ പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും, 30.07.2008 മുതൽ 31.03.2011 വരെയുള്ള കാലയളവിൽ യോഗ്യത നേടിയ ഗ്രേഡ് II വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റാണ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചതെങ്കിലും ഈ തീയതിക്ക് ശേഷം

യോഗ്യത നേടിയ പലരേയും ടി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ലേയ്ക്ക് പ്രൊമോഷൻ നൽകി നിയമിച്ചതായും ഇവർ ബോധിപ്പിക്കുകയുണ്ടായി. മാത്രമല്ല 31.12.2012 വരെ യോഗ്യത നേടിയവരെ ഉൾപ്പെടുത്തി ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് ആദ്യം പ്രസിദ്ധീകരിച്ചെങ്കിലും അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ തീയതി 31.03.2011 ആയി പരിമിതപ്പെടുത്തിയത് നീതീകരിക്കാനാവില്ലെന്നും ഹർജിക്കാർ അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം പരാമർശം(1) പ്രകാരം വിശദമായി പരിശോധിച്ചു. Cut off date തീരുമാനിക്കുന്നതിൽ ഗ്രാമവികസന കമ്മീഷണർക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, 31.03.2011-ന് ശേഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ട്രെയിനിംഗ് പരീക്ഷ ആദ്യ ചാൻസിൽ അല്ലാതെ പാസ്സായി യോഗ്യത നേടിയവർ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുകയും പ്രൊമോഷൻ നേടുകയും ചെയ്തിട്ടുണ്ടെങ്കിൽ, ആയത് പരാമർശം (1)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി അർഹരായവർക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I-ലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ രണ്ടു മാസത്തിനകം പൂർത്തിയാക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകി, പരാമർശം (3) പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) പ്രകാരമുള്ള ഉത്തരവ് നടപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.ജെ.ഉണ്ണികൃഷ്ണൻ**
**അണ്ടർ സെക്രട്ടറി**

ശ്രീ.അബ്ദുൾ ജലീൽ.പി.ഇ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, തൃത്താല,പാലക്കാട്.
ശ്രീ.ഷിജു ജോയി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, അരീക്കോട്, മലപ്പുറം
ശ്രീമതി.ധന്യ.റ്റി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പാലക്കാട്
ശ്രീ.സുബൈർ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, ബ്ലോക്ക് ഓഫീസ്, കുഴൽമന്ദം, പാലക്കാട്
ശ്രീ.ജിതേഷ്.എം.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പട്ടാമ്പി., പാലക്കാട്
ശ്രീമതി.ദീപ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, കുഴൽമന്ദം ബ്ലോക്ക് ഓഫീസ്, പാലക്കാട്
ശ്രീ.മധുസൂദനൻ.കെ.ജെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പാലക്കാട്.
ശ്രീമതി.രാഗി ഏണസ്റ്റ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ചാലക്കുടി, തൃശ്ശൂർ
ശ്രീ.രാധാകൃഷ്ണൻ.കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കൊടകര, തൃശ്ശൂർ

} ഗ്രാമവികസന കമ്മീഷണർ മുഖേന

ശ്രീ.രാഗേഷ്.കെ.ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,
വാഴക്കുളം, എറണാകുളം
ശ്രീമതി.ബേബിമോൾ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കൂവപ്പടി, എറണാകുളം
ശ്രീ.വിജയ്.വി.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, ആലങ്ങാട്, എറണാകുളം.
ശ്രീ.സുനിൽ.ഇ.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പാറക്കടവ്, എറണാകുളം
ശ്രീ.അനു.എസ്.നായർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മൂവാറ്റുപുഴ, എറണാകുളം
ശ്രീ.റെജിൻ.പി.എൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കൊണ്ടോട്ടി, മലപ്പുറം.
ശ്രീമതി.രശ്മി.എൻ.നമ്പൂതിരി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കൂവപ്പടി, എറണാകുളം
ശ്രീ.സജികുമാർ.എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കൂവപ്പടി, എറണാകുളം
ശ്രീ.കെ.രാജേഷ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, അരീക്കോട്, മലപ്പുറം
ശ്രീ.ജമീർ.എം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, അരീക്കോട് , മലപ്പുറം

} ഗ്രാമവികസന കമ്മീഷണർ മുഖേന

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,
തിരുവനന്തപുരം (With c/L)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ& ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ